**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. ഇ. കുഞ്ഞിമായീൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി , (റിട്ടയേർഡ്) ഫയൽ ചെയ്ത OA 2494/2016 - 11.07.2018-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.859/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 12.04.2019.**

പരാമർശം: 1) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2494/2016 -മേലുള്ള 11.07.2018-ലെ ഉത്തരവ്.

2) ഗ്രാമവികസന കമ്മീഷണറുടെ 18.02.2017-ലെ 19782/എസ്റ്റാ.എ1/16/സിആർഡി നമ്പർ കത്ത്.

3) ഗ്രാമവികസന കമ്മീഷണറുടെ 14.01.2019-ലെ 19782/എസ്റ്റാ.എ1/16/സിആർഡി നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമ വികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. ഇ.കുഞ്ഞിമായീൻ ടിയാന്റെ ജൂനിയർ പ്രൊമോഷൻ ആയ തീയതിയിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ പ്രൊമോഷനും തുടർന്നുള്ള ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA-2494/2016 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ലെ വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം വിധി പുറപ്പെടുവിച്ചു.

"The Original Application is accordingly allowed directing the first respondent to issue appropriate orders granting notional promotion to the applicant as Assistant Development Commissioner with effect from the date on which the candidates included in the select list prepared pursuant to the DPC which met on 23.07.2015 were appointed to the above post. The applicant on such notional promotion with effect form the date anterior to his retirement on 30.11.2015 will be eligible for refixation of his pay and for consequential revision for his pensionary benefits. The first respondent shall issue orders of refixation of pay and revision of pensionary benefits within a period of three months from the date of receipt of a copy of this order. The arrears of the monetary benefits including the arrears of pension shall be disbursed to the applicant within a period of two months therefrom."

ശ്രീ.കുഞ്ഞുമായീനെതിരെയുള്ള അച്ചടക്ക നടപടി ടിയാനെ പൂർണമായും കുറ്റവിമുക്തനാക്കിക്കൊണ്ട് തീർപ്പാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ സ്ഥാനക്കയറ്റം സാധൂകരിക്കുന്ന വിഷയം പരിഗണിക്കുന്നതിനായി യഥാസമയം ഡി.പി.സി. റിവ്യൂ ചെയ്യുകയുണ്ടായില്ലായെന്നും എന്നാൽ 23.07.2015-ൽ കൂടിയ ഡി.പി.സി. (ലോവർ) ശ്രീ. കുഞ്ഞിമായീന് 01.04.2010 മുതൽ മുൻകാല പ്രാബല്യത്തിൽ പ്രൊമോഷൻ നൽകിയ വിഷയം പരിഗണിച്ചെങ്കിലും റിവ്യൂ ചെയ്യേണ്ടതില്ലായെന്ന് ഡി.പി.സി. (ലോവർ) തീരുമാനിക്കുകയാണുണ്ടായതെന്നും പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അപേക്ഷകന്റെ ബ്ലോക്ക് ഡെവലപ്മെന്റ് കമ്മീഷണർ പ്രൊമോഷൻ ഡി.പി.സി (ലോവർ) അംഗീകരിച്ചില്ലായെന്ന തടസ്സവാദം മാത്രം ഉന്നയിച്ച് തുടർ പ്രൊമോഷനുകൾ തടയാനാവില്ല എന്ന ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നം. 2494/2016-ലെ 11.07.2018-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീ.കഞ്ഞുമായിന്റെ തൊട്ടു ജൂനിയറിന് ടിയാന് മുമ്പായി പ്രൊമോഷൻ നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തിയതി മുതൽ ടിയാന് നോഷണൽ പ്രൊമോഷന് അർഹതയുണ്ട്. ആയതിനാൽ ശ്രീ.കഞ്ഞുമായിന്റെ തൊട്ടുജൂനിയറായ ശ്രീ ഫ്രാൻസിസ് ചക്കനാത്തിന്, 27.07.2013 ലെ G.O.(Rt)No.1976/2013/LSGD ഉത്തരവ് പ്രകാരം Assistant Development Commissioner ആയി ചാർജ്ജെടുത്ത തീയതി പ്രാബല്യത്തിൽ ശ്രീ. കഞ്ഞുമായിനും Assistant Development Commissioner ആയി ശമ്പളകുടിശ്ശികയ്ക്ക് അർഹതയില്ല എന്ന വ്യവസ്ഥയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ടും പ്രസ്തുത നോഷണൽ പേയുടെ അടിസ്ഥാനത്തിൽ ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ പുനർ നിർണയിക്കുന്നതിന് ഗ്രാമ വികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (1) ഉത്തരവിലെ വിധി നടപ്പിലാക്കി സർക്കാർ ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. ഇ. കഞ്ഞിമായീൻ, ഇളയടത്ത് ഹൗസ്, കൈതയ്ക്കാൽ, പനമരം പി.ഒ., വയനാട് -670 721.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ